18 SEP 2010
TRIVANDRUM

43608

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ്-പ്രൊബേഷണർമാർ, മുൻ കുറ്റവാളികൾ, എക്സ് പ്യൂപ്പിൾസ് എന്നിവർക്കുള്ള പുനരധിവാസ സഹായം വർദ്ധിപ്പിച്ച്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യക്ഷേമ (ബി)വകുപ്പ്
സ.ഉ.(സാധാ)നം. 389/2010/സാക്ഷേവ തിരുവനന്തപുരം,തീയതി 9/9/2010

---

പരാമർശം:-1.സർക്കാർ ഉത്തരവ് (സാധാ)നം. 250/2000/സാക്ഷേവ തീയതി 28-8-2000
2.സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 12-4-2010 ലെ സി2-11977/09 നമ്പർ കത്ത്.

**ഉത്തരവ്**

പ്രൊബേഷണർമാർ, മുൻകുറ്റവാളികൾ, എക്സ് പ്യൂപ്പിൾസ് എന്നീ വിഭാഗത്തിൽപെടുന്നവരുടെ പുനരധിവാസത്തിനായി പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം 10,000/- (പതിനായിരം രൂപ) ധനസഹായം അനുവദിച്ചിരുന്നു.

എന്നാൽ മാറിയ ജീവിത സാഹചര്യത്തിൽ ഈ തുക പുനരധിവാസത്തിന് അപര്യാപ്തമായതിനാൽ 25,000/- രൂപയായി ഉയർത്തി നിശ്ചയിക്കണമെന്ന് പരാമർശം രണ്ടിലെ കത്ത് പ്രകാരം സാമൂഹ്യക്ഷേമ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പ്രൊബേഷണർമാർ മുൻ കുറ്റവാളികൾ, എക്സ് പ്യൂപ്പിൾസ് എന്നിവരുടെ പുനരധിവാസത്തിനായി നിലവിൽ നൽകി വരുന്ന 10,000/- (പതിനായിരം രൂപ) 15000/- (പതിനയ്യായിരം) രൂപയായി ഉയർത്തി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനുള്ള തുക നടപ്പ് സാമ്പത്തിക വർഷത്തിൽ 2235-02-106-93 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 100 ലക്ഷം രൂപയിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**കെ.നളിന കുമാരി,**
അഡീഷണൽ സെക്രട്ടറി.

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്/ എ&ഇ) DB Cell, കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (10-8-2010 ലെ U.O 51731/ww2 /10/Fin പ്രകാരം)
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (18-12-2008 ലെ U.O 16484/എ2/08/ പ്ലാനിംഗ് പ്രകാരം)
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ